**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 523** **10-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ ഒരുമിച്ച് താമസിക്കുന്ന പ്രദേശങ്ങളുടെ പേരുമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ,<br>ശ്രീ വി ശശി,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെടുന്നവർ ഒരുമിച്ച് താമസിക്കുന്ന പ്രദേശങ്ങൾ അടിമത്തത്തിന്റെയും കോളനിവാഴ്ചയുടെയും ഓർമ്മകൾ ജനിപ്പിക്കുന്ന തരത്തിലുള്ള പേരുകളിൽ അറിയപ്പെടുന്നത് മൂലം ഈ വിഭാഗത്തിന് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ ഒരുമിച്ച് താമസിക്കുന്ന പ്രദേശങ്ങളെ "കോളനി", “സങ്കേതം” എന്നീ പേരുകളിൽ അഭിസംബോധന ചെയ്യുന്നത് കാലോചിതമായി പരിഷ്കരിക്കണമെന്ന് വിവിധ തലത്തിലുള്ള ഫീൽഡ് ഉദ്യോഗസ്ഥന്മാർ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിനാൽ ടി പേരുകൾക്ക് പകരം പുരോഗമന സമൂഹത്തിന് യോജിക്കുന്ന തരത്തിലുള്ള "നഗർ”, "ഉന്നതി”, "പ്രകൃതി" തുടങ്ങിയ പേരുകളോ അല്ലെങ്കിൽ ഓരോ സ്ഥലത്തും പ്രാദേശികമായി താത്പര്യമുള്ള കാലാനുസൃതമായ പേരുകളോ തെരഞ്ഞെടുക്കുന്നതിന് 18/06/2024 ലെ സ.ഉ(കൈ) നം. 16/2024/പജപവവിവ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ ഒരുമിച്ച് താമസിക്കുന്ന പ്രദേശങ്ങളെ പുരോഗമന ജനാധിപത്യ മതനിരപേക്ഷ സമൂഹത്തിന് അനുയോജ്യമായ പേരുകളിൽ അറിയപ്പെടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് ഉണ്ടാകുന്ന അപകർഷതാബോധം ഇത്തരത്തിലുള്ള പേരുമാറ്റത്തിലൂടെ ഇല്ലാതാക്കുന്നതിന് സഹായിക്കുമോ; വിശദീകരിക്കുമോ; | (സി) | സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ആളുകൾ എന്ന നിലക്ക് കാലങ്ങളായി തങ്ങളുടെ സമുദായ പേരിനൊപ്പം കോളനി എന്ന നാമം ചേർക്കുന്നതുകൊണ്ടുള്ള അപകർഷതാബോധം കുറയ്ക്കുന്നതിന് പ്രസ്തുത പേരുകൾക്ക് പകരം ആധുനിക കാലത്തിന് ചേരുന്ന പേരുകൾ വരുന്നത് ഉചിതമായിരിക്കും. |
| (ഡി) | സർക്കാരിന്റെ ഔദ്യോഗിക രേഖകളിൽ ഉൾപ്പെടെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർ താമസിക്കുന്ന സ്ഥലങ്ങളെ അവർക്ക് അഭിമാന | (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ താമസിക്കുന്ന സ്ഥലങ്ങളെ അവർക്ക് അഭിമാന ബോധവും ആത്മവിശ്വാസവും നൽകുന്ന പൊതു |

| | | | |
|---|---|---|---|
| | ബോധവും ആത്മവിശ്വാസവും നൽകുന്ന പൊതു നാമധേയത്തിൽ രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ? | | നാമധേയത്തിൽ രേഖപ്പെടുത്തുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഔദ്യോഗിക രേഖകളിൽ അപ്രകാരമുള്ള രേഖപ്പെടുത്തലുകൾ സ്വീകരിക്കുന്നതിനുള്ള ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ